വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടി

8(697) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമാണ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളത് ;

(ബി) ഇത്തരം നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് നടന്ന യോഗങ്ങളിൽ ഇത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന താഴെ പറയുന്ന കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട് :

1. കേരളത്തിൽ സ്കൂൾ പ്രവേശന പ്രായം 5 വയസ്സാണ്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രവേശന പ്രായം 6 വയസ്സാക്കി മാറ്റേണ്ടിവരും. പ്രവേശന പ്രായം കൂടുന്നത് സാമൂഹികമായി അംഗീകരിക്കപ്പെടേണ്ടതുണ്ട്. അതുപോലെ ഒന്നാം ക്ലാസ്സ് പ്രവേശനപ്രായം 5 വയസ്സ് എന്നത് 6 വയസ്സാക്കുമ്പോൾ സ്കൂൾ സംവിധാനത്തിൽ ഒരു വർഷം കുട്ടികൾ തീരെക്കുറയുന്ന അവസ്ഥ സംജാതമായേക്കാം.

2. സംസ്ഥാനത്ത് ലോവർ പ്രൈമറി എന്നത് 1 മുതൽ 4 വരെ ക്ലാസ്സുകളാണ്. എന്നാൽ ദേശീയ തലത്തിൽ 1 മുതൽ 5 വരെയാണ്. ഈ മാറ്റം ഉണ്ടാക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഗണിക്കണം.

3. ദേശീയ തലത്തിൽ എലിമെന്ററി വിദ്യാഭ്യാസമെന്നത് 8-ാം ക്ലാസ്സ് വരെയാണ്. കേരളത്തിൽ എട്ടാം ക്ലാസ്സ് ഹൈസ്കൂളിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ എട്ടാം ക്ലാസ്സ് അപ്പർ പ്രൈമറിയുടെ ഭാഗമാക്കുമ്പോൾ ഉളവാകുന്ന ഘടനാപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

4. ജനന സർട്ടിഫിക്കറ്റ് സ്കൂൾ പ്രവേശന സമയത്ത് ആവശ്യമില്ലായെന്നത് ദേശീയ തലത്തിൽ പ്രസക്തമാകാം. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ജനന സർട്ടിഫിക്കറ്റ് സ്കൂൾ പ്രവേശന സമയത്ത് ഹാജരാക്കുന്നത് സാർവ്വത്രികമായിട്ടുണ്ട്. ശരിയായ ജനനതീയതിയില്ലാതെ സ്കൂളിൽ ചേർക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള നമ്മുടെ ശ്രമങ്ങൾക്ക് ഈ തീരുമാനം ദോഷകരമാകാം.

5. സംസ്ഥാനത്ത് ഒരു ക്ലാസ്സ് ഡിവിഷന് ഒരദ്ധ്യാപികയുണ്ട്. നിയമത്തിൽ പറയുന്നത് 60 കുട്ടികൾ ഉണ്ടെങ്കിൽ രണ്ട് അദ്ധ്യാപിക, 90 പേരുണ്ടെങ്കിൽ 3 അദ്ധ്യാപിക എന്നിങ്ങനെയാണ്. കുട്ടികളുടെ എണ്ണം നോക്കാതെ ക്ലാസ്സ് ഡിവിഷനുകളുടെ എണ്ണം നോക്കി അദ്ധ്യാപകരെ കണക്കാക്കുന്ന കെ.ഇ.ആർ. വ്യവസ്ഥയിൽ നിന്നും തികച്ചും ഭിന്നമാണ് ഈ നിർദ്ദേശം.

6. ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് 25% സീറ്റ് റിസർവ്വേഷൻ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ അനുവദിക്കണമെന്നത് പൊതുവിദ്യാഭ്യാസത്തെ ബാധിച്ചേക്കാം. കേരളീയ സമൂഹം ഏതാണ്ട് എല്ലാ കുട്ടികൾക്കും പഠിക്കാനാവശ്യമായ സാമൂഹിക നിക്ഷേപം ഇതിനകംതന്നെ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി അതിശക്തമായ പൊതുവിദ്യാലയ ശൃംഖല സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. അവിടങ്ങളിലെല്ലാം കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. ഈയൊരു അവസ്ഥയിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ചേരാൻ അനുവദിക്കുന്നതും അവരുടെ ചെലവ് സർക്കാർ വഹിക്കുന്നതും വിദ്യാഭ്യാസത്തിനായുള്ള സർക്കാരിന്റെ ചെലവ് ഇരട്ടിയായി വർദ്ധിപ്പിക്കും. ഇതുണ്ടാക്കുന്ന സാമ്പത്തിക പ്രശ്നം ചെറുതല്ല.

7. പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത.

8. വിദ്യാഭ്യാസ രംഗത്ത് മുൻകാലങ്ങളിൽ വലിയ തോതിൽ നിക്ഷേപം നടത്തിയതിന്റെ ഭാഗമായി കേരളീയ വിദ്യാഭ്യാസ രംഗത്തുണ്ടായ വളർച്ച പരിഗണിച്ച് വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ചെലവ് കേന്ദ്ര സർക്കാർ വഹിക്കേണ്ടുന്നതിന്റെ ആവശ്യകതയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ സന്ദർശിച്ച് സർവ്വകക്ഷി രാഷ്ട്രീയ പാർട്ടി പ്രതിനിധി സംഘമാണ് ഇത് സംബന്ധിച്ച ആവശ്യങ്ങൾ ഉന്നയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ-ഓർഡിനേറ്ററായി ഒരു സമിതിയും വിവിധ അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റിയും രൂപീകരിച്ചു. തുടർന്ന് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ട)-നെ കമ്മീഷനായും നിയമിച്ചു. കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. ശ്രീമതി ലിഡാ ജേക്കബ് കമ്മീഷൻ നൽകിയ റിപ്പോർട്ടും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കാൻ നിയോഗിച്ച ശ്രീ. സി. പി. നായർ കമ്മിറ്റി റിപ്പോർട്ടും കൂടി പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ശിപാർശ ചെയ്യാനായി പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി പി. വനജ കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പിലെ വിവിധ കമ്മീഷനുകൾ

9(698) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിദ്യാഭ്യാസ വകുപ്പിൽ എത്ര കമ്മീഷനുകളെ ഇതിനകം നിയമിച്ചു ;

(ബി) കമ്മീഷൻ ചെയർമാൻ, ഓരോ കമ്മീഷന്റെയും നിയമന ലക്ഷ്യം എന്നിവ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര കമ്മീഷനുകളിൽ നിന്ന് ഇതിനകം റിപ്പോർട്ട് ലഭിച്ചു ; ലഭിച്ച റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(ഡി) ഇനിയും റിപ്പോർട്ട് സമർപ്പിക്കാത്ത കമ്മീഷനുകളുണ്ടോ ; എങ്കിൽ റിപ്പോർട്ട് സമർപ്പണത്തിന്റെ താമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) വിവിധ കമ്മീഷനുകളുടെ പ്രവർത്തനത്തിനായി ഇതിനകം മൊത്തം എത്ര തുക ചെലവായി ; കമ്മീഷന്റെ പേര്, ചെലവായ തുക എന്നിവ പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിദ്യാഭ്യാസ വകുപ്പിൽ ആർ.എം.എസ്.എ. നടപ്പാക്കുന്നതിന് നടപടി

10(699) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ ആർ.എം.എസ്.എ. പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ഇത് പൂർണ്ണമായും നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly